File No.EXC/1442/2019-XC2

No: EXC-1442/2019-XC2 എക്സൈസ് കമ്മീഷണരുടെ കാര്യാലയം
തിരുവനന്തപുരം.
തീയതി-15/06/2019

പ്രേഷകൻ
എക്സൈസ് കമ്മീഷണർ
തിരുവനന്തപുരം

ഗ്രാഹകൻ

ജോയിന്റ് എക്സൈസ് കമ്മീഷണർ( എല്ലാം)/ ഡപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)

സർ,

വിഷയം: അബ്കാരി-ഡിസ്ടിലറികളും ബ്ലെണ്ടിംഗ് യൂണിറ്റുകളും ഇ.എൻ.എ/ സ്പിരിറ്റ് എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ബോണ്ട് വയ്ക്കുന്നത്- ഭേദഗതി -സംബന്ധിച്ച്.

സൂചന: 22.05.19 തിയതിയിലെ ഇതേ നമ്പർ കത്ത്.

മേൽവിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ഇ എൻ എ ഇറക്കുമതി ചെയ്യുമ്പോൾ ഡിസ്റ്റിലറികൾ, ബ്ലെന്റിംങ്ങ് യുനിറ്റുകൾ എന്നിവ ചട്ടപ്രകാരമുള്ള ബോണ്ടുകൾ വെച്ചിട്ടല്ല നിലവിൽ സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നത് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതു അടിയന്തിരമായി നിർബന്ധമാക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.എന്നാൽ ടി നിർദേശം നൽകുമ്പോൾ ബ്ലെണ്ടിംഗ് യുനിറ്റുകൾക്ക് ചട്ടപ്രകാരം ജനറൽ ബോണ്ടും ഡിസ്റ്റിലറികൾക്ക് സ്പെഷ്യൽ ബോണ്ടുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്ന വസ്തുത കണക്കെടുക്കപ്പെട്ടിട്ടില്ലായെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ നിർദ്ദേശത്തിൽ താഴെ പരാമർശിക്കുന്ന ഭേദഗതി കൾ വരുത്തുന്നു.

1) ഡിസ്ടിലറികൾ ഇ.എൻ.എ/ സ്പിരിറ്റ് എന്നിവയ്ക്ക് NOC ക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ ഓരോ അപേക്ഷയോടൊപ്പവും കേരള ഡിസ്ടിലറി & വെയർഹൗസ് റൂൾസ് 1968 ലെ റൂൾ 47 A (4) (e) പ്രകാരമുള്ള ഫോം VII ബോണ്ട്, 500/- രൂപയുടെ മുദ്ര പത്രത്തിൽ സമർപ്പിക്കേണ്ടതാണ് .ഡിസ്റ്റിലറിയുടെ ചുമതലക്കാരനായ ഉദ്യോഗസ്ഥൻ അപേക്ഷയോടൊപ്പം ഈ ബോണ്ട് അപ്‌ലോഡ് ചെയ്തു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2) കേരള ഫോറിൻ ലിക്കർ (കോമ്പൗണ്ടിംഗ്, ബ്ലെണ്ടിംഗ്& ബോട്ട്ലിംഗ്) റൂൾസ് 1975 പ്രകാരം ലൈസൻസ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ റൂൾ 7(1) പ്രകാരം, ഫോം 11 ൽ ജനറൽ ബോണ്ട് ആണ് നിഷ്കർഷിച്ചിട്ടുള്ളതെന്നതിനാൽ ആയത് അപ് ലോഡ് ചെയ്താൽ മതിയാകും.

കാലാനുസൃതമായ ബോണ്ട് ഇക്കാര്യത്തിൽ തയ്യാറാക്കിയിട്ടുണ്ടെന്നു ബന്ധപ്പെട്ട ഓഫീസർമാർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

3) കേരള ഡിസ്ടിലറി & വെയർഹൗസ് റൂൾസ് 1968 പ്രകാരവും കേരള ഫോറിൻ ലിക്കർ (കോമ്പൗണ്ടിംഗ്, ബ്ലെണ്ടിംഗ്& ബോട്ട്ലിംഗ്) റൂൾസ് 1975 പ്രകാരവും ആയതു വ്യക്തമായി അനുശാസിക്കുന്നതിനാൽ ഇക്കാര്യം പാലിച്ചുകൊണ്ടുമാത്രമേ തുടർന്ന് ഇ എൻ എ ഇറക്കുമതിക്കുള്ള അപേക്ഷകൾ അയക്കാവൂ എന്ന് നിർദ്ദേശിക്കുന്നു.

ആയതിനു അനുസൃതമായ ക്രമീകരണങ്ങൾക്കായി 31 .07 .2019 വരെ സമയം അനുവദിക്കുന്നു . 1-8-2019 മുതൽ മേൽ നിബന്ധനകൾ പാലിക്കാത്ത അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2019.06.15 1[illegible]:59 IST
Reason: Approved

എക്സൈസ് കമ്മീഷണർ